(ബി) ഗ്രാമീണ മേഖലയിൽ കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

ഉത്തരം

(എ) ഉണ്ട്. കളിസ്ഥല നവീകരണം, നിർമ്മാണം തുടങ്ങിവയ്ക്കായി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, കായിക യുവജനകാര്യാലയം എന്നിവ മുഖാന്തിരം സഹായം നൽകുന്നുണ്ട്.

(ബി) സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം വികേന്ദ്രീകരിച്ച് ഗ്രാമതലം വരെ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഗ്രാമീണ മേഖലയിലെ കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കേന്ദ്ര സഹായ പദ്ധതിയായ 'പൈക്ക' നടപ്പിലാക്കി വരുന്നുണ്ട്. വർഷം തോറും ബ്ലോക്ക്/ജില്ലാ/സംസ്ഥാന/ദേശീയ തലത്തിൽ വാർഷിക പൈക്ക കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം, ഒരു നീന്തൽകുളം പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും കോളേജുകൾക്കും മറ്റുമായി കളിസ്ഥല/നീന്തൽകുള നിർമ്മാണത്തിനും നവീകരണത്തിനുമായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, കായിക യുവജനകാര്യാലയം എന്നിവ മുഖേന ധനസഹായം നൽകി വരുന്നു.

വെള്ളയമ്പലം വാട്ടർ അതോറിറ്റി സ്വിമ്മിംഗ് പൂളിന്റെ നവീകരണ പ്രവൃത്തി

175 (6347) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളയമ്പലം വാട്ടർ അതോറിറ്റി സ്വിമ്മിംഗ്പൂളിന്റെ നവീകരണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് സർക്കാർ നടത്തുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ ;

(സി) ഈ നവീകരണത്തിനായി എത്ര തുകയാണ് ചെലവാക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതിനായി താഴെ പറയുന്ന പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

1. അന്തർദേശീയ നിലവാരത്തിൽ FINA അനുശാസിക്കുന്ന നിലവാരത്തിലുള്ള പുതിയ സ്വിമ്മിംഗ്പൂൾ നിർമ്മാണം;

2. ക്ലോറിനേഷൻ, ഓസോണൈസേഷൻ ഉൾപ്പെടുന്ന പുതിയ ഫിൽട്രേഷൻ പ്ലാന്റിന്റെ നിർമ്മാണം.

3. പുതിയ ഗാലറിയുടെ നിർമ്മാണം.

4. പുതിയ ചേഞ്ചിംഗ് റൂമുകൾ, ടോയിലറ്റുകൾ എന്നിവയുടെ നിർമ്മാണം.

5. റിഹ്റ്റ് സൗകര്യമുള്ള പുതിയ ഡൈവിംഗ് പ്ലാറ്റ് ഫോം നിർമ്മാണം.

6. നിലവിലുള്ള സ്വിമ്മിംഗ്പൂൾ ടൈൽ പതിപ്പിച്ചു മോടിപിടിപ്പിക്കൽ.

(ബി) നവീകരണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നു വരുന്നു.

(സി) - (ഇ) 2010 ഡിസംബറിൽ പണി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

യൂത്ത് കമ്മീഷൻ രൂപീകരണം

176 (6348) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യൂത്ത് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ജുഡീഷ്യൽ അധികാരങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

യുവജനങ്ങളെ ബോധവൽക്കരിക്കുവാൻ കർമ്മപദ്ധതികൾ

177 (6349) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ മദ്യപാനം, പുകയില, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളെ ബോധവൽക്കരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly